ഇലക്ടറൽ ബോണ്ട് ഡാറ്റ ഒരു നിമിഷത്തിനുള്ളിൽ ആർക്കും പരിശോധിക്കാം

ഈ അടുത്തകാലത്തു വളരെയധികം വാർത്താപ്രാധാന്യം നേടിയ ഒരു സംഭവമാണ് ഇലക്ട്റൽ ബോണ്ടുകൾ ഭരണഘടനാവിരുദ്ധമാണെന്നു പ്രഖ്യാപിച്ച സുപ്രീംകോടതി വിധി. 2024 ഫെബ്രുവരി 15ന് പുറപ്പെടുവിച്ച ഈ വിധിയിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം 2019 എപ്രിൽ 12 മുതൽ ഇഷ്യൂ ചെയ്ത ബോണ്ടുകളുടെ പൂർണവിവരങ്ങൾ 2024 മാർച്ച് 6നകം വെളിപ്പെടുത്താൻ കോടതി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയോട് ഉത്തരവിട്ടു എന്നതാണ്. മൂന്നര മാസത്തെ സമയം നീട്ടിച്ചോദിച്ചത് കോടതി അനുവദിക്കാത്തതിനാൽ 2024 മാർച്ച് 21ന് ബോണ്ടുകളുടെ പൂർണവിവരങ്ങൾ SBI ഇലെക്ഷൻ കമ്മീഷന് കൈമാറി. ഇങ്ങനെ ലഭ്യമായ ഈ ഡാറ്റയെ ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളിൽ പണം ചെലുത്തുന്ന ആപത്കരമായ സ്വാധീനത്തിലേക്കുള്ള ഒരു ചൂണ്ടുപലകയായും ഉപയോഗപ്പെടുത്താം. ഇലക്ടറൽ ബോണ്ട് ഡാറ്റ ആർക്കുവേണമെങ്കിലും വിശകലനം ചെയ്തുനോക്കാവുന്ന ഒരു സംവിധാനത്തെ പരിചയപ്പെടുത്തുകയാണ് ഈ ലേഖനത്തിന്റെ പ്രധാന ഉദ്ദേശം.

ബോണ്ട് ഡാറ്റയെപ്പറ്റി പലതരം പ്രതികരണങ്ങളും വന്നുകൊണ്ടിരിക്കുമ്പോൾ ഡാറ്റ സ്വയം അനലൈസ് ചെയ്തുനോക്കുക എന്നത് സത്യാവസ്ഥ അറിയാൻ സഹായകമാവും. ഇലെക്ഷൻ കമ്മീഷൻ പുറത്തുവിട്ട ഡാറ്റ എങ്ങനെ അനലൈസ് ചെയ്യാൻ http://scischool.in/ebond/index.html എന്ന വെബ്പേജ് സന്ദർശിക്കുക. പൈത്തൺ ഭാഷയിൽ എഴുതിയിരിക്കുന്ന ഏതാനും വരികൾ മാത്രമാണ് ഇതിനാവശ്യം. ഗൂഗിളിന്റെ കോലാബ് എന്ന ഓൺലൈൻ സിസ്റ്റം ഉപയോഗിച്ചോ അല്ലെങ്കിൽ നിങ്ങളുടെ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്ത പൈത്തൺ ഇന്റെർപ്രെറ്റർ ഉപയോഗിച്ചോ ബോണ്ട് ഡാറ്റ എളുപ്പത്തിൽ അനലൈസ് ചെയ്യാം. സാങ്കേതികസഹായം ആവശ്യമാണെങ്കിൽ bpajith@gmail.com എന്ന വിലാസത്തിൽ ലേഖകനുമായി ബന്ധപ്പെടാവുന്നതാണ്.

ഇലക്ടറൽ ബോണ്ടുകളുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾക്ക് ബോണ്ട് ഡാറ്റയുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ എത്താവുന്ന അനുമാനങ്ങളാണ് താഴെ പ്രതിപാദിക്കുന്നത്.

- ബോണ്ട് ഡാറ്റ പുറത്തുവിടാൻ മൂന്നര മാസം വേണം എന്ന SBI യുടെ ആവശ്യം സത്യസന്ധമായിരുന്നോ ?
- ഇലക്ടറൽ ബോണ്ട് സിസ്റ്റം തെരഞ്ഞെടുപ്പുകളിൽ കള്ളപ്പണത്തിന്റെ സ്വാധീനം തടയുമോ ?
- രാഷ്ട്രീയപാർട്ടികൾ എത്രത്തോളം വൻകമ്പനികളെ ആശ്രയിക്കുന്നു ?
- കമ്പനികൾ ഏതുതരത്തിലാണ് സംഭാവന കൊടുക്കേണ്ട രാഷ്ട്രീയപാർട്ടികളെ തീരുമാനിക്കുന്നത് ?
- ഇത്തരത്തിലുള്ള പണം നമ്മുടെ തെരഞ്ഞെടുപ്പുകളെയും ജനാധിപത്യവ്യവസ്ഥിതിയെ ഏതുരീതിയിൽ ബാധിക്കുന്നു.

**SBI യുടെ ആവശ്യം സത്യസന്ധമായിരുന്നോ ?**

സുപ്രീംകോടതി 2024 ഫെബ്രുവരി 15ന് ബോണ്ടുവിവരങ്ങൾ 2024 മാർച്ച് 6നകം ഇലെക്ഷൻ കമ്മീഷനെ ഏല്പിക്കാൻ ഉത്തരവിടുന്നു. പക്ഷെ 2024 മാർച്ച് 4ന് SBI കോടതിയെ സമീപിച്ച SBI ജൂൺ 30 വരെ (അതിനകം പൊതുതെരഞ്ഞെടുപ്പ് കഴിയും എന്നോർക്കുക ) സമയം നീട്ടിച്ചോദിക്കുന്നു. 20000 ത്തോളം ബോണ്ടുകൾ ഇഷ്യൂ ചെയ്ത റെക്കോർഡ്കളും ബോണ്ടുകൾ ഹാജരാക്കിയ പാർട്ടികൾക്ക് പണം കൊടുത്ത റെക്കോർഡ്കളും വേറെവേറെയാണ് എന്നും ഇത് രണ്ടും ചേർത്തുവെച്ച ആരൊക്കെ വാങ്ങി ആർക്കൊക്കെയാണ് പണം കൊടുത്തത് എന്ന് കണ്ടുപിടിക്കാൻ മൂന്നര മാസത്തെ സമയം വേണമെന്നുമാണ് SBI ആവശ്യപ്പെട്ടത്. ഈ ആവശ്യം തള്ളിക്കളഞ്ഞ കോടതി ഒരു ദിവസത്തിനകം രണ്ടു റെക്കോർഡ്കളും പ്രത്യേകമായി കൈമാറാൻ ആവശ്യപ്പെട്ടു.

ആദ്യമായി ബോണ്ട് വാങ്ങിയവരുടെ ഡാറ്റയും അത് സ്വീകരിച്ചു പണമാക്കിയ രാഷ്ട്രീയപാർട്ടികളുടെയും റെക്കോർഡുകൾ മാച്ച് ചെയ്യിക്കാൻ എത്ര സമയവും അധ്വാനവും ആവശ്യമുണ്ട് എന്നു പരിശോധിക്കാം. ബോണ്ട് പർച്ചേസർ ഡാറ്റയും റസീവർ ഡാറ്റയും രണ്ടു സ്പ്രെഡ്ഷീറ്റുകളിൽ SBI യുടെ പക്കൽ ഉണ്ടായിരുന്നു. ഇതിന്റെ PDF പതിപ്പാണ് അവർ ഇലക്ഷൻ കമീഷന് പിന്നീട് കൈമാറിയത്. ഇതിനെ തിരിച്ചു സ്പ്രെഡ്ഷീറ്റ് ടൈപ്പാക്കി മാറ്റിയാൽ ഈ ഫയലുകൾ ലോഡ് ചെയ്തു മാച്ച് ചെയ്യാൻ വേണ്ടത് വെറും നാലു വരി പൈത്തൺ കോഡാണ്. അത് താഴെക്കൊടുത്തിരിക്കുന്നു.

```
import pandas as pd
pdf = pd.read_csv('https://scischool.in/ebond/eb-purchased.csv', index_col = 'ANcode')
rdf = pd.read_csv('https://scischool.in/ebond/eb-encashed.csv', index_col = 'ANcode')
df = pd.concat([pdf, rdf], axis=1, sort = True)
```

(അനാലിസിസ് സ്വയം ചെയ്തുനോക്കാൻ താത്പര്യമുള്ളവർ http://scischool.in/ebond/index.html എന്ന വെബ്സൈറ്റ് സന്ദർശിക്കുക.)

ലക്ഷക്കണക്കിന് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്ന SBI പോലുള്ളൊരു സ്ഥാപനത്തിന് ഇക്കാര്യം അറിയില്ല എന്നത് വിശ്വസിക്കാൻ പ്രയാസമാണ്. മാത്രമല്ല 2024 മാർച്ച് 12 ന് കൈമാറിയ രണ്ട് ഫയലുകളിൽ അവ മാച്ച് ചെയ്യിക്കാനാവശ്യമായ 'ആൽഫന്യൂമെറിക് കോഡ്' ഉണ്ടായിരുന്നില്ല. കോടതിയുടെ കർശനനിർദേശത്തിനു ശേഷമാണ് മാർച്ച് 21 ന് അവർ പൂർണമായ ഡാറ്റ കൈമാറുന്നത്. ബോണ്ട് വിവരങ്ങൾ തെരഞ്ഞെടുപ്പിന് മുൻപ് പുറത്തു വരാതിരിക്കാൻ SBI ശ്രമിച്ചു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാവുന്നത്. സുപ്രീം കോടതിയെപ്പോലും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ച ഈ നടപടിയെപ്പറ്റി അന്വേഷണം ഉണ്ടാവും എന്ന് വിശ്വസിക്കുക.

**ഇലക്ടറൽ ബോണ്ട് സിസ്റ്റം തെരഞ്ഞെടുപ്പുകളിൽ കള്ളപ്പണത്തിന്റെ സ്വാധീനം തടയുമോ.**

ബോണ്ടുകൾ ഭരണഘടനാവിരുദ്ധമെന്ന വിധിവന്നപ്പോൾ "തെരഞ്ഞെടുപ്പുകളിൽ കള്ളപ്പണം തിരിച്ചുവരുമോ എന്നാണെന്റെ പേടി" എന്നാണ് നമ്മുടെ ആഭ്യന്തരമന്ത്രി ശ്രീ അമിത് ഷാ പറഞ്ഞത്. നമുക്ക് ചില വസ്തുതകൾ പരിശോധിക്കാം.

2017 ൽ ഇലക്ട്റൽ ബോണ്ട് പദ്ധതി നടപ്പാക്കുമ്പോൾ നിലവിലുണ്ടായിരുന്ന നിയമമനുസരിച്ച് ഒരു കമ്പനിക്ക് രാഷ്ട്രീയപാർട്ടികൾക്ക് കൊടുക്കാവുന്ന പരമാവധി സംഭാവന ആ സ്ഥാപനത്തിന്റെ മൂന്ന് വർഷത്തെ ശരാശരി അറ്റാദായത്തിൻ്റെ 7.5% മാണ്. ഈ പരിധി 2017 ൽ എടുത്തു കളഞ്ഞു. ഒരു കമ്പനി അതിന്റെ ഷെയർ ഹോൾഡർമാരുടെ പണം കൊണ്ടാണ് പ്രവർത്തിക്കുന്നത്. അതിന്റെ ആദായത്തിന്റെ ഒരു ഭാഗം ഷെയർ ഹോൾഡർമാരായ പൊതുജനത്തിന് അവകാശപ്പെട്ടതുമാണ്. ആ പണം ഒരു പരിധിയുമില്ലാതെ രാഷ്ട്രീയപാർട്ടികൾക്കു സംഭാവന ചെയ്യാനനുവദിക്കുന്ന വ്യവസ്ഥയുടെ ധാർമികതയും യുക്തിയും മനസ്സിലാക്കാവുന്നതല്ല. ഉദ്ദേശം മറ്റെന്തോ ആവാം എന്ന് സംശയിക്കുന്നതിൽ തെറ്റ് പറയാൻ പറ്റില്ല.

കടലാസിൽ മാത്രം നിലനിൽക്കുന്ന കമ്പനികൾ വഴി സംഭാവനകൾ തരപ്പെടുത്താൻ ഈ വ്യവസ്ഥ കാരണമാവും എന്ന് പലരും അന്നേ ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്. ഇത് സംഭവിച്ചതായി ഇപ്പോൾ പുറത്തുവന്ന ബോണ്ട് വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. 215 കോടി മാത്രം ലാഭം കാണിച്ചിട്ടുള്ള 'ഫ്യൂച്ചർ ഗെയിമിങ് ' 1365 കോടിയുടെയും നഷ്ടത്തിലുള്ള 'നവയുഗ എഞ്ചിനീയറിംഗ്'' 55 കോടിയുടെയും ബോണ്ടുകളാണ് വാങ്ങിച്ചത്. കള്ളപ്പണം തിരിച്ചുവരുന്നതിൽ വേവലാതിയുള്ള അമിത് ഷായുടെ സർക്കാർ ഇക്കാര്യത്തിൽ ഇതുവരെ ഒരു ED അന്വേഷണവും പ്രഖ്യാപിച്ചതായി അറിവില്ല.

വിദേശകമ്പനികൾക്ക് അവയുടെ ഇന്ത്യൻ ഘടകങ്ങൾ വഴി സംഭാവനകൾ നൽകാം എന്ന വ്യവസ്ഥയും പുതുതായി ഉൾപ്പെടുത്തി. ബോണ്ടുകൾ ഇഷ്യൂ ചെയ്യാൻ കൊമേർഷ്യൽ ബാങ്കുകളെ അധികാരപ്പെടുത്താൻ റിസർവ് ബാങ്കിന്റെ നിയമങ്ങൾ ഭേദഗതി ചെയ്തു. RBI യുടെ എതിർപ്പുകൾ അവഗണിക്കപ്പെട്ടു. മൊത്തത്തിൽ തെരഞ്ഞെടുപ്പുകളിലെ കള്ളപ്പണം നിയമവിധേയമാക്കി എന്നതാണ് സത്യത്തിൽ ഇലക്ടറൽ ബോണ്ടുകൾ ചെയ്തത്.

**രാഷ്ട്രീയപാർട്ടികൾ എത്രത്തോളം വൻകമ്പനികളെ ആശ്രയിക്കുന്നു.**

ബോണ്ട് ഡാറ്റ പ്രകാരം 524 പേർ ഭരണകക്ഷിയായ ബിജെപിക്ക് ബോണ്ടുകൾ നൽകിയിട്ടുണ്ട്. ലഭിച്ച മൊത്തം 6060 കോടിയിൽ 2095 കോടിയും വെറും 10 കമ്പനികളിൽ നിന്നാണ്. വൻകമ്പനികൾ വൻതുക സംഭാവനനൽകുന്നതിൽ എന്താണപാകം എന്നുതോന്നാം പക്ഷെ ടാറ്റ , ഇൻഫോസിസ് , വിപ്രോ എന്നീ വൻകമ്പനികളൊന്നും ഒറ്റ ബോണ്ടും വാങ്ങിയിട്ടില്ല. ബോണ്ട് വാങ്ങിയ വൻകമ്പനികളിൽ മേഘ എഞ്ചിനീയറിംഗ്, ഭാരതി എയർടെൽ, വേദാന്ത എന്നിവയുണ്ട്. സർക്കാർ കരാറുകളും സർക്കാർ പോളിസികളും ഇത്തരം കമ്പനികളുടെ ലാഭം നിശ്ചയിക്കുന്നതിൽ വലിയൊരു പങ്കു വഹിക്കുന്നുണ്ട് എന്നത് കാണാതെ പോകരുത്. വിരലിലെണ്ണാവുന്ന കമ്പനികളിൽ നിന്ന് മാത്രം ഇലക്ഷന് വേണ്ട പണം പറ്റി അധികാരത്തിലെത്തുമ്പോൾ രാഷ്ട്രീയപാർട്ടികൾ ഈ കമ്പനികളുടെ പാവയായി പ്രവർത്തിക്കാനുള്ള സാധ്യത ഏറെയാണ്.

| Top 10 Donors of BJP | Amount (Crores) |
|---|---|
| MEGHA ENGINEERING AND INFRASTRUCTURES LI MITED | 519.00 |
| Unknown | 466.31 |
| QWIKSUPPLYCHAINPRIVATELIMITED | 375.00 |
| VEDANTA LIMITED | 226.65 |
| BHARTI AIRTEL LIMITED | 183.00 |
| MADANLAL LTD. | 175.50 |
| KEVENTER FOODPARK INFRA LIMITED | 144.50 |
| DLF COMMERCIAL DEVELOPERS LIMITED | 130.00 |
| BIRLACARBONINDIAPRIVATELIMITED | 105.00 |
| FUTURE GAMING AND HOTEL SERVICES PR | 100.00 |

**കമ്പനികൾ ഏതുതരത്തിലാണ് സംഭാവന കൊടുക്കേണ്ട രാഷ്ട്രീയപാർട്ടികളെ തീരുമാനിക്കുന്നത്.**

അപ്പപ്പോൾ അധികാരത്തിലിരിക്കുന്ന പാർട്ടികൾക്ക് വൻസംഭവനകളും അല്ലാത്തവക്ക് ചെറിയ സംഭാവനകളും എന്നതാണ് കാണപ്പെടുന്ന വസ്തുത. ഉദാഹരണത്തിന് കേന്ദ്രം ഭരിക്കുന്ന ബിജെപി 6060 കോടി നേടിയപ്പോൾ കോൺഗ്രസ്സിന് കിട്ടിയത് 1422 കോടിയാണ്. DMK 639 കോടി നേടിയപ്പോൾ AIADMK നേടിയത് വെറും 6 കോടിയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ബിജു ജനതദൾ , തൃണമൂൽ കോൺഗ്രസ്സ്, YSR കോൺഗ്രസ് എന്നിങ്ങനെ വിവിധ സംസ്ഥാനങ്ങൾ ഭരിക്കുന്ന പാർട്ടികൾക്ക് താരതമ്യേന വൻസംഭവനകൾ ലഭിച്ചിട്ടുണ്ട്. കമ്പനികൾ

അവ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങളിലെ സർകാരുകൾക്കാണ് മിക്കവാറും പണം നൽകിയിട്ടുള്ളത്. 'ഫ്യൂച്ചർ ഗെയിമിങ്' ഡിഎംകെ, തൃണമൂൽ കോൺഗ്രസ് എന്നീ പാർട്ടികൾക്ക് പണം നൽകുമ്പോൾ മൈനിങ്, സ്റ്റീൽ എന്നീ മേഖലകളിൽ നിന്നാണ് ബിജു ജനതദൾ അധികം സംഭാവനകളും നേടിയത്. ഇതിൽ നിന്നെല്ലാം വ്യക്തമാവുന്നു കാര്യം കമ്പനികൾ പണം നൽകുന്നത് സർക്കാരുകളെ സ്വാധീനിച്ച സ്വന്തം ലാഭം വർധിപ്പിക്കാൻ മാത്രമാണ് എന്നതാണ്.

| Name of the Political Party | Amount (Crores) |
|---|---|
| BHARATIYA JANATA PARTY | 6060.5111 |
| ALL INDIA TRINAMOOL CONGRESS | 1609.5314 |
| PRESIDENT, ALL INDIA CONGRESS COMMITTEE | 1421.8655 |
| BHARAT RASHTRA SAMITHI | 1214.7099 |
| BIJU JANATA DAL | 775.5000 |
| DRAVIDA MUNNETRA KAZHAGAM (DMK) | 639.0000 |
| YSR CONGRESS PARTY (YUVAJANA SRAMIKA RYTHU CONGRESS PARTY) | 337.0000 |
| TELUGU DESAM PARTY | 218.8800 |
| SHIVSENA | 159.3814 |

**ഇത്തരത്തിലുള്ള പണം നമ്മുടെ തെരഞ്ഞെടുപ്പുകളെയും ജനാധിപത്യവ്യവസ്ഥിതിയെ ഏതുരീതിയിൽ ബാധിക്കുന്നു.**

ഇലക്ഷൻ ജയിക്കാൻ പണം വേണം എന്നത് നമ്മുടെ ജനാധിപത്യവ്യവസ്ഥയുടെ ഒരു ശാപമാണ്. വോട്ടു വാങ്ങാൻ പണം എന്നത് സാക്ഷരതയും ജനാധിപത്യബോധവും കുറഞ്ഞയിടങ്ങളിൽ നടക്കുന്ന ഇടപാടാണെന്നു വെക്കാം. പക്ഷെ അതല്ലാതെയും തെരഞ്ഞെടുപ്പുപ്രചാരണത്തിനു പണം ആവശ്യമാണ്. പ്രചാരണം ഗംഭീരമാക്കേണ്ടതിന്റെ പ്രധാനകാരണം ജയിക്കാൻ സാധ്യതയുള്ള പാർട്ടിക്ക് വോട്ടിചെയ്യുക എന്ന മനസികാവസ്ഥയുള്ള ഒരു വിഭാഗം വോട്ടർമാർ ഉണ്ട് എന്നതാണ്. ജയിക്കും എന്ന പ്രതീതിയുണ്ടാക്കാൻ പാർട്ടികൾ പ്രചാരണം പരമാവധി കൊഴുപ്പിക്കുന്നു.

പക്ഷെ ഇങ്ങനെ ഉയരുന്ന ചെലവുകൾക്ക് വേണ്ടുന്ന പണം പരിധിയില്ലാതെ ലഭ്യമാക്കുക എന്നതല്ല അതിന്റെ പരിഹാരം. ചെലവിന്റെ അനുവദനീയമായ പരിധി പാലിക്കപ്പെടുന്നു എന്നുറപ്പുവരുത്തലാണ്. ഇലെക്ഷൻ തോറ്റാലും പണമുപയോഗിച്ച് സർക്കാരുകളെ മറിച്ചിട്ടു അധികാരം പിടിച്ചുപറ്റാൻ കഴിയും എന്നതും കഴിഞ്ഞ ചില വർഷങ്ങളിൽ നമ്മൾ കണ്ടതാണ്. ഇത്തരമൊരു സാഹചര്യത്തിൽ രാഷ്ട്രീയപാർട്ടികൾക്കു ലഭിക്കുന്ന സംഭാവനകൾ രഹസ്യമാക്കി വെക്കുക എന്നത് ജനാധിപത്യത്തെത്തന്നെ തുരങ്കം വെക്കുന്ന നടപടിയാണ് എന്നതിൽ സംശയമില്ല. ഇത്തരം രഹസ്യമായ പണമിടപാടുകൾ ഭരണഘടനാവിരുദ്ധമാണെന്ന സുപ്രീം കോടതി വിധി പ്രത്യാശക്കു വകനല്കുന്നതാണ്. ഒരുപക്ഷെ ഇക്കാര്യത്തിൽ ജനങ്ങളുടെ കോടതിക്ക് ചെയ്യാവുന്ന കാര്യം ഒരു പാർട്ടിയെയും അധികകാലം അധികാരത്തിൽ തുടരാൻ അനുവദിക്കാതിരിക്കുക എന്നതായിരിക്കും.

Ajith Kumar B P

Scientist (retd) Inter-University Accelerator Centre, New Delhi

bpajith@gmail .com